# പത്രക്കുറിപ്പ്.

സ്വച്ഛ്ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് പരിധിയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും സബ് ഡിവിഷണൽ പോലീസ് ഓഫീസുകളിലും 09.10.2016 തിയതി വ്യാപകമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

രാവിലെ 8 മണിക്ക് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾക്ക് ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ.നിശാന്തിനിയുടെ നേതൃത്വത്തിൽ സ്പെഷൽ ബ്രാഞ്ച് DySP ശ്രീ. KA സുരേഷ് ബാബു, Administration DySP ജയചന്ദ്രൻ പിള്ള, ജില്ലാ ക്രൈം ബ്രാഞ്ച് DySP ബിജു. കെ. സ്റ്റീഫൻ, ഇരിങ്ങാലക്കുട അസിസ്റ്റൻറ് പോലീസ് സൂപ്രണ്ട് ശ്രീമതി. മെറിൻ ജോസഫ് IPS, കുന്നംകുളം DySP കെ.കെ.വിശ്വംഭരൻ, ചാലക്കുടി DySP പി.വാഹിദ്, എന്നിവരും ജില്ലയിലെ സർക്കിൾ ഇൻസ്പെക്ടർമാർ, സബ് ഇൻസ്പെക്ടർമാർ തുടങ്ങി മുഴുവൻ പോലീസ് ഉദ്യോഗസ്ഥരും പങ്കുചേർന്നു.

അതാത് പോലീസ് സ്റ്റേഷൻ പരിധിയിലെ റസിഡൻറ്സ് അസോസിയേഷനുകൾ, NSS വളണ്ടിയർമാർ, കടലോര ജാഗ്രത സമിതി അംഗങ്ങൾ, ജനമൈത്രി പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടന പ്രവർത്തകർ തുടങ്ങിയവർ ശുചീകരണ പ്രവർത്തനങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർക്കൊപ്പം പങ്കുചേർന്നു.

ഉപയോഗ ശൂന്യമായ പഴകിയ ഫയലുകളും, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും, ഉപയോഗ യോഗ്യമല്ലാത്ത ഫർണിച്ചറുകളും, E-Wasteകളും വെവ്വേറെ ശേഖരിച്ച് പാഴ് വസ്തുക്കളുടെ ഗണത്തിൽപെടുത്തി അവ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

പോലീസ് നടപടികളുടെ ഭാഗമായി കസ്റ്റഡിയിൽ എടുത്തതോ, ഉടമസ്ഥരില്ലാതെ കണ്ടെടുത്തതോ ആയ വാഹനങ്ങൾ, പാതയോരങ്ങളിലും പോലീസ് സ്റ്റേഷൻ കോമ്പൗണ്ടുകളിലും സൂക്ഷിച്ചുവരുന്നവ, കൃത്യമായി എണ്ണി തിട്ടപ്പെടുത്തുകയും, പരിസരം വൃത്തിയാക്കുകയും സമയബന്ധിതമായി വാഹനങ്ങൾ നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഉടമസ്ഥർക്ക് വിട്ടുനൽകുകയോ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനോ വേണ്ട നടപടികൾ ഊർജിതമാക്കി.

ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയായതിനുശേഷം ജില്ലാ പോലീസ് ഓഫീസിൽ നിന്നും ഉദ്യോഗസ്ഥ സംഘം പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കുകയും മികച്ച രീതിയിൽ ശുചീകരണം നടത്തിയ പോലീസ് സ്റ്റേഷനുകൾക്ക് പാരിതോഷികങ്ങൾ നൽകുമെന്നും ജില്ലാ പോലീസ് മേധാവി ശ്രീമതി. ആർ.നിശാന്തിനി IPS അറിയിച്ചു.

ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ റൂറൽ.